LIBRARY ARCHIVES Kerala Legislative Assembly

ബസ് ചാർജ്ജ് നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ

82 [569] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) ബസ് ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഒരു കിലോമീറ്ററിന് നിർണ്ണയിക്കുന്ന ബസ് ചാർജ്ജും, ഫെയർ സ്റ്റേജുകൾ തമ്മിലുള്ള അകലവും നിർണ്ണയിക്കുന്നതിന് ശാസ്ത്രീയമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ബസ് ചാർജ്ജ് നിർണ്ണയിക്കുന്നതിന് ഒരു റഗുലേറ്ററി കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്ക് കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോർമുല നിർദ്ദേശിക്കുന്നതിനായി സ.ഉ. (ആർ.ടി.) നം. 384/03/ട്രാൻ, തീയതി 11-9-2003 പ്രകാരം റിട്ടയേർഡ് ചീഫ് സെക്രട്ടറി ശ്രീ. കെ. വി. രബീന്ദ്രൻ നായർ, ഐ.എ.എസ്.-നെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു. ഈ കമ്മീഷൻ, സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തന ചെലവിനെ സംബന്ധിച്ച് വില സൂചികയിലുണ്ടാകുന്ന (Price Index for Stage Carriage Operation) വർദ്ധനവിന് ആനുപാതികമായി യാത്രാ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ. (എം.എസ്.) നം. 7/2004 പ്രകാരം പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുകയും, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (NATPAC)-നെ സ്റ്റേജ് കാര്യേജ് ഓപ്പറേഷനുള്ള വില സൂചിക (PISCO) കണക്കാക്കുന്നതിന്, ട്രാൻസ്പോർട്ട് കമ്മീഷണറുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി, ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപരി, ബസ്സുടമകൾ സമർപ്പിക്കുന്ന ത്രൈമാസ റിട്ടേണുകളും ചാർജ്ജ് നിർണ്ണയിക്കുന്നതിന് പരിഗണിക്കുന്നുണ്ട്.

(ബി) സർക്കാരിന്.

(സി) രണ്ട് ഫെയർ സ്റ്റേജുകൾ തമ്മിലുള്ള അന്തരം 2.5 കി. മീറ്ററാണ്. സ്ഥലത്തിന്റെ പ്രാധാന്യം, യാത്രക്കാരുടെ സൗകര്യം എന്നിവയും കണക്കിലെടുത്താണ് ഫെയർ സ്റ്റേജ് നിർണ്ണയിക്കുന്നത്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

വനവൽക്കരണ പരിപാടികൾ

83 [570] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വനവൽക്കരണ പരിപാടി ഏതെല്ലാമാണെന്നും അവ ഓരോന്നും എന്നു മുതൽ നടപ്പിലാക്കി തുടങ്ങിയെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ പരിപാടിയിലൂടെയും ചെലവഴിച്ച തുക വനവൽക്കരണം ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം എന്നിവ വെളിപ്പെടുത്തുമോ;

(സി) അവയിൽ ഏതെങ്കിലും പരിപാടിയിൽ അഴിമതിയോ ക്രമക്കേടോ നടന്നതായി വനം വകുപ്പിന്റെ അന്വേഷണത്തിലോ മറ്റ് ഏതെങ്കിലും ഏജൻസിയുടെ അന്വേഷണത്തിലോ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) അതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രക്ഷീണ വനങ്ങൾ വനവൽക്കരിക്കുന്നതിനായി പരിഹാര വനവൽക്കരണ പദ്ധതി (CA) എന്ന പരിപാടി സാമൂഹ്യവനവൽക്കരണ വിഭാഗം 1993-1994 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വനവൽക്കരണ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി 2003-2004 മുതൽ ഗ്രാമവനം എന്ന പരിപാടിയിൽ 202 പഞ്ചായത്തുകളിലായി 267 ഗ്രാമ വനങ്ങൾ നിർമ്മിക്കുകയും അതിന്റെ ഭാഗമായി 365.15 ഏക്കർ സ്ഥലത്ത് വനവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനായി 28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പരിഹാര വനവൽക്കരണ പദ്ധതിയുടെ ഭാഗമായി 1993-1994 മുതൽ വനവൽക്കരണം നടത്തിയ ഭൂമിയുടെ വിസ്തീർണ്ണം, ചെലവഴിച്ച തുക എന്നിവയുടെ കണക്ക് ചുവടെ കൊടുക്കുന്നു:

Plantation raised
Achievement

Year	*Expenditure (in lakhs)*	*Area (in Ha.)*
1993-94	Nil	Nil
1994-95	395.00	1232.86
1995-96	760.00	9894.56
1996-97	647.00	10975.03
1997-98	804.00	671.63
1998-99	996.00	11766.18
1999-2000	749.00	3252.93
2000-2001	838.00	2686.26
2001-2002	791.00	1465.75
2002-2003	929.80	288.58
2003-2004	834.70	6869.54
Total	7744.50	49103.32

(സി ആന്റ് ഡി) ഉണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly